**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 846** **14-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനവിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൊത്തം വനവിസ്തൃതി എത്രയാണെന്ന് അറിയിക്കുമോ; | (എ) | 2017-18 ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ മൊത്തം വനവിസ്തൃതി 11521 .813 ച.കി.മീറ്ററാണ്. |
| (ബി) | വനവിസ്തൃതി വർദ്ധിപ്പിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്,കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81 . 6805 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ KIIFB യുടെ കീഴിലും വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് വനവിസ്തൃതിയിലുണ്ടായ വർദ്ധന കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ? | (സി) | 2015-16 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു പ്രകാരം 31.03.2016 തീയതിയിലെ കേരളത്തിലെ വനവിസ്തൃതി 11309.4754 ചതുരശ്ര കിലോമീറ്ററാണ്. ഈ സർക്കാരിൻറെ കാലത്ത് |

| | | | |
|---|---|---|---|
| | | | വനവിസ്തൃതിയിലുണ്ടായ വർദ്ധന കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. 01.04.2016 മുതൽ 31.03.2018 വരെയുള്ള 2 വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 212.3376 ചതുരശ്ര കിലോമീറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർ വർഷങ്ങളിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ മാത്രമെ ടി വർഷങ്ങളിലെ വനവിസ്തൃതിയുടെ വ്യക്തമായ കണക്ക് പറയുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

| വർഷം | വനവിസ്തൃതി (ച.കി.മീറ്റർ) | വന വിസ്തൃതിയിലുണ്ടായ വർദ്ധനവ് |
|---|---|---|
| 2016-17 | 11524.411 | 214.9356 (വർദ്ധനവ്) |
| 2017-18 | 11521.813 | 2.598(കുറവ്) |